പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6860 — 10-07-2014 - ൽ മറുപടിയ്ക്ക്

**തട്ടുപാറയിലും, പൂതുരുത്തിയിലും ചെക്ക് ഡാമുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ തട്ടുപാറയിലും പൂതുരുത്തിയിലും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ? | (എ) & (ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ തട്ടുപാറ ചെക്ക് ഡാം മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ആരംഭിക്കുകയും 37.5% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ കരാറുകാരൻ 31-03-2015 വരെ കാലാവധി നീട്ടുന്നതിലേക്കായി അപേക്ഷിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>പൂതുരുത്തി തോടിനു കുറുകെ ക്രോസ് ബാർ നിർമ്മാണം എന്ന പ്രവൃത്തിക്ക് 2010 ലെ റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം റിവൈസ് ചെയ്ത, 95.50 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.